പത്രക്കുറിപ്പ്
2-2-2017

## കുടുംബശ്രീയുടെ ഇരുപതാം വർഷം ഇരുപതിന പരിപാടികൾക്കായി ബജറ്റിൽ 200 കോടി രൂപ അനുവദിച്ചു

*** വനിതാ ലീഗൽ ക്ളിക്ക്, കുടുംബശ്രീ ചിട്ടി, നാനോ മാർക്കറ്റുകൾ, ജെറിയാട്രിക് കെയർ എക്സിക്യൂട്ടീവ്സ് തുടങ്ങി അയൽക്കൂട്ട വനിതകൾക്കായി വ്യത്യസ്ത പദ്ധതികൾ**

തിരുവനന്തപുരം: കുടുംബശ്രീയുടെ ഇരുപതാം വർഷം സംസ്ഥാന സർക്കാരിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ അഭിമാന നേട്ടം. ഇതിന്റെ ഭാഗമായി ഇരുപതിന പരിപാടികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതോടൊപ്പം കുടുംബശ്രീ മുഖേന നടപ്പാക്കുന്ന സ്ത്രീശാക്തീകരണ ദാരിദ്ര്യ നിർമാർജന പ്രവർത്തനങ്ങളും സാമൂഹ്യ വികസന പദ്ധതികളും ഊർജിതപ്പെടുത്തുന്നതിനായി 200 കോടി രൂപയാണ് ബജറ്റിൽ അനുവദിച്ചത്.

കുടുംബശ്രീയുടെ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾക്കും സാമൂഹ്യ സുരക്ഷാ പദ്ധതി പ്രവർത്തനങ്ങൾക്കും പ്രത്യേക ഊന്നൽ നൽകി അവതരിപ്പിച്ച ബജറ്റിലൂടെ അയൽക്കൂട്ട വനിതകൾക്ക് വ്യത്യസ്തങ്ങളായ തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനുള്ള അവസരം ലഭ്യമാകുമെന്നത് ഏറെ ശ്രദ്ധേയമാണ്. സംസ്ഥാനത്ത് 14 മാതൃകാ സ്ത്രീ സൗഹൃദ ഗ്രാമങ്ങൾ ആരംഭിക്കുമെന്ന പ്രഖ്യാപനം ഇതിന്റെ ഏറ്റവും മികച്ച ഉദാഹരണമാണ്. കൂടാതെ കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ സമഗ്ര നവീകരണം ലക്ഷ്യമിട്ടുകൊണ്ടുള്ള 2018-19 അയൽക്കൂട്ട വർഷം-മൈക്രോ ഫിനാൻസ് സമ്മിറ്റ്, കുടുംബശ്രീ വഴി ആയിരം ഇറച്ചിക്കോഴി യൂണിറ്റുകൾ, പരമ്പരാഗത കയർ വ്യവസായ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി അഞ്ഞൂറു ചകിരി നിർമാണ യൂണിറ്റുകൾ, സൂക്ഷ്മ സംരംഭങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരു കുടക്കീഴിലാക്കുന്നതിനായി സൂക്ഷ്മ സംരംഭ പാർക്കുകൾ എന്നീ പദ്ധതികൾ ബജറ്റിൽ അംഗീകരിച്ചിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ മേഖലയിലെ കുടുംബശ്രീയുടെ മികച്ച സംഭാവനയായ ബഡ്സ് സ്കൂളുകൾക്കായി ബജറ്റിൽ 26 കോടി രൂപയാണ് അനുവദിച്ചത്. ഇതോടൊപ്പം ഇരുനൂറു പുതിയ ബഡ്സ് സ്കൂളുകൾ കൂടി ആരംഭിക്കുമെന്നും പ്രഖ്യാപനമുണ്ട്.

ഇരുപതിന പരിപാടികളിൽ സ്റ്റാർട്ടപ് വില്ലേജ് എന്റർപ്രണർഷിപ് പദ്ധതി, കുടുംബശ്രീ ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്ന് നാനോ മാർക്കറ്റുകൾ, കുടുംബശ്രീ ഉൽപന്നങ്ങളുടെ വിപണനത്തിന് ഓൺലൈൻ പോർട്ടൽ, സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾക്ക് ടെക്നോളജി ഹബ്ബ്, കെ.എസ്.എഫ്.ഇയുമായി ചേർന്ന് കുടുംബശ്രീ ചിട്ടി, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരേയുള്ള അതിക്രമങ്ങൾ തടയുന്നതിനും നിയമ പരിരക്ഷയും സഹായവും സൗജന്യമായി ലഭിക്കുന്നതിനും ജില്ലാ വനിതാ ലീഗൽ ക്ളിനിക്കുകൾ, കുടുംബശ്രീ പ്രവർത്തകർക്കായി ജില്ലാ കുടുംബശ്രീ പരിശീലന കേന്ദ്രങ്ങൾ, ആഗ്രോ സർവീസ് ടീമുകൾ, എല്ലാ ജില്ലകളിലും കിണർ ചാർജിങ്ങിനായുള്ള സുജലം പദ്ധതി, ആലപ്പുഴ മാതൃകയിൽ മറ്റു ജില്ലകളിലേക്കും പട്ടികവർഗ സൂക്ഷ്മ പദ്ധതി, വയോജന പരിചരണ മേഖലയിൽ പരിശീലനം ലഭിച്ച പ്രഫഷണലുകളുടെ സേവനം ലഭ്യമാക്കാനായി ആയിരം ജെറിയാട്രിക് കെയർ എക്സിക്യൂട്ടീവുകൾ, അരക്ഷിത സമൂഹങ്ങൾക്കുള്ള പ്രത്യേക ഉപജീവന പദ്ധതി-പ്രത്യാശ, റിക്കവറി നേരിടുന്ന സംരംഭങ്ങൾക്ക് കടാശ്വാസം, കുടുംബശ്രീ അനുഭവത്തെ കുറിച്ച് ഇരുപത് പുതിയ പുസ്തകങ്ങൾ, തുടങ്ങിയ പദ്ധതികളാണ് പ്രഖ്യാപിച്ചത്.
പുതിയ പദ്ധതികൾ നടപ്പാക്കുന്നതിലൂടെ കൂടുതൽ വനിതകൾക്ക് തൊഴിലും മാന്യമായ വരുമാനവും ഉറപ്പാക്കാനാവും.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ